Mathrubhumi
മാതൃഭൂമി

# മട്ടന്നൂർ എൻ.എസ്.എസ്. കോളേജ്

# മേജർ കോഴ്സുകളോടൊപ്പം മൈനർ കോഴ്സുകളും

**കെ.വി. മോബിൻ**
മട്ടന്നൂർ

▸ മട്ടന്നൂരിൽ തലയെടുപ്പോടെ നിൽക്കുന്ന കലാലയമാണ് 60 വർഷത്തെ പാരമ്പര്യമുള്ള മട്ടന്നൂർ പഴശ്ശിരാജ എൻ.എസ്.എസ്. കോളേജ്. കായികരംഗത്ത് അനവധി അന്താരാഷ്ട്ര താരങ്ങളെ വളർത്തിയെടുത്തിട്ടുള്ള ഈ കലാലയം മട്ടന്നൂരിന്റെ സാംസ്കാരികരംഗത്ത് നൽകിയ സംഭാവനയും വലുതാണ്.

നാലുവർഷ ബിരുദ കോഴ്സുകളുമായി ബന്ധപ്പെട്ട സംശയ ദൂരീകരണത്തിനായി നടത്തിയ ശില്പശാലയിൽ കണ്ണൂർ സർവകലാശാല അക്കാദമിക് കമ്മിറ്റിയംഗമായ ഡോ. കെ. ദീപ ക്ലാസെടുത്തു. നാലുവർഷ പ്രോഗ്രാമിന്റെ നോഡൽ ഓഫീസറായി ഡോ. എം.കെ. സതീശൻ പ്രവർത്തിക്കുന്നു. അഡ്മിഷൻ നോഡൽ ഓഫീസറായി ഡോ. പി.വി. സുമിത്തും ഐ.ക്യു.എ.സി. ഡോ. ആർ.കെ. ബിജുവും പ്രവർത്തിക്കുന്നു.

## കോഴ്സുകൾ

ബിരുദതലത്തിൽ സയൻസ് വിഷയങ്ങളിൽ സുവോളജി, പ്ലാന്റ് സയൻസ്, ഫിസിക്സ്, കെമിസ്ട്രി, കണക്ക് കോഴ്സുകളുണ്ട്. ആർട്സ് വിഷയങ്ങളിൽ ഇംഗ്ലീഷ്, ഹിന്ദി കോഴ്സുകളും ഹ്യുമാനിറ്റീസിൽ ഇക്കണോമിക്സ്, ഹിസ്റ്ററി കോഴ്സുകളും ബി.കോം. കോഴ്സുമുണ്ട്. ബിരുദാനന്തര തലത്തിൽ എം.എസ്സി. കണക്ക്, എം.കോം. കോഴ്സുകളുമുണ്ട്.

ജേർണലിസം ഉൾപ്പെടെ 15 മൈനർ കോഴ്സുകളും പഴശ്ശിരാജ കോളേജിലുണ്ട്. ഹിസ്റ്ററി, ഇംഗ്ലീഷ്, കൊമേഴ്സ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ഹിന്ദി പഠനവിഭാഗങ്ങൾക്ക് യു.ജി. ഓണേഴ്സ് വിത്ത് റിസർച്ച് കോഴ്സുകളും ഇക്കണോമിക്സ്, പ്ലാന്റ് സയൻസ് വിഭാഗങ്ങൾക്ക് യു.ജി. ഓണേഴ്സ് കോഴ്സുകളുമാണുള്ളത്.



മട്ടന്നൂർ പഴശ്ശിരാജ എൻ.എസ്.എസ്. കോളേജ്




## പാഠ്യേതര പ്രവർത്തനങ്ങൾ

സജീവമായി പ്രവർത്തിക്കുന്ന എൻ.സി.സി., എൻ.എസ്.എസ്. യൂണിറ്റുകൾ കോളേജിന്റെ പ്രത്യേകതയാണ്.

ഭവനരഹിതരായവർക്ക് വീട് നിർമിച്ചുനൽകുന്നത് ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങളാണ് എൻ.എസ്.എസ്. യൂണിറ്റ് നടപ്പാക്കുന്നത്.

യൂത്ത് റെഡ്ക്രോസ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. വുമൺസ് സെല്ലും ഓരോ പഠന വിഭാഗത്തിന് കീഴിലുള്ള വിവിധ ക്ലബുകളും പ്രവർത്തിക്കുന്നു.

### ക്രമീകരണങ്ങൾ പൂർത്തിയായി



'നാലുവർഷ ഡിഗ്രി ഓണേഴ്സ്, ഓണേഴ്സ് വിത്ത് റിസർച്ച് എന്നിവ നടത്താനുള്ള ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞു. സർവകലാശാല നിർദേശിക്കുന്ന സൗകര്യങ്ങൾ കോളേജിൽ ഒരുക്കിയിട്ടുണ്ട്. മേജർ കോഴ്സുകളോടൊപ്പം വ്യത്യസ്തമായ മൈനർ കോഴ്സുകൾ ഒരോ വിഭാഗങ്ങളും ക്രമീകരിച്ചിട്ടുണ്ട്.'

**ഡോ. നന്ത്യത്ത് ഗോപാലകൃഷ്ണൻ,**
**പ്രിൻസിപ്പൽ**

## ബന്ധപ്പെടാം

മട്ടന്നൂർ നഗരത്തിൽനിന്ന് ഒന്നര കിലോമീറ്റർ അകലെ മട്ടന്നൂർ-ഇരിക്കൂർ റോഡിലാണ് കോളേജ്. ഫോൺ: 9497388529.

നാലുവർഷ ബിരുദ കോഴ്സുകളുമായി ബന്ധപ്പെട്ട വിവരങ്ങൾക്ക്: 9747282190.

www.pnsscollege.ac.in.
pnsscollege64@gmail.com